# نصيحة الجمعة


تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨


**തീയതി: 06/10/2017 വിഷയം: ഇണക്കമുള്ളവരാകുക**

وَ أَلَّفَ بَيْنَ قُلُوبِهِمْ لَوْ أَنْفَقْتَ ما فِي الْأَرْضِ جَمِيعاً ما أَلَّفْتَ بَيْنَ قُلُوبِهِمْ وَ لكِنَّ اللَّهَ أَلَّفَ بَيْنَهُمْ إِنَّهُ عَزِيزٌ حَكِيمٌ ﴿أنفال : ٦٣﴾

മുഅ്മിനീങ്ങളോടുള്ള ബാധ്യതകളെ കുറിച്ചാണ് നാം പറഞ്ഞ് വരുന്നത്.

➢ ഇസ്‌ലാമിലെ ആരാധനകൾ മനുഷ്യരിൽ അനേകം മൂല്യങ്ങൾ ഉണ്ടാക്കുന്നുണ്ട്. നോമ്പ് സഹജീവിയുടെ വിശപ്പിനെ ഓർമ്മപ്പെടുത്തുന്നു. ഹജ്ജ് സാഹോദര്യത്തെയും സമഭാവനയെയും ഉണർത്തുന്നു. നിസ്കാരം സമയനിഷ്ഠ പഠിപ്പിക്കുന്നു.

إِنَّ الصَّلَاةَ كَانَتْ عَلَى الْمُؤْمِنِينَ كِتَابًا مَّوْقُوتًا ﴿النساء: ١٠٣﴾

സമയത്തിന്റെ തുടക്കവും ഒടുക്കവും പഠിപ്പിച്ചു. അതിന്റെ ഉള്ളിൽ നിസ്ക്കരിക്കണം. അത് തന്നെ സമയം ആയാൽ ഉടനെ തന്നെ നിർവ്വഹിക്കണം. അകാരണമായി പിന്തിക്കൽ കടുത്ത തെറ്റാണ്. അപ്പോൾ നമസ്ക്കാരം സമയമിഷ്ഠ ശീലിപ്പിക്കുന്ന ആരാധനയാണ്.

➢ ജമാഅത്ത് നിസ്ക്കാരം വിശ്വാസികൾ തമ്മിൽ ഇണക്കവും യോജിപ്പും ഉണ്ടാക്കുന്നുണ്ട്. ജമാഅത്ത് നിസ്കാരത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നായി പണ്ഡിതന്മാർ ഇക്കാര്യം സൂചിപ്പിച്ചിരിക്കുന്നു.

حَثَّنَا عَلَى الْاجْتِماعَاتِ فِي الْجماعاتِ وَالْجُمُعَاتِ، لِكَوْن ذَلك سببًا لِلْأُلْفَةِ (الدرر السنية)

(=ഇണക്കത്തിന് കാരണമാകാൻ വേണ്ടിയാണ് ജമാഅത്ത് നിസ്ക്കാരം പ്രോത്സാഹിപ്പിക്കപ്പെട്ടത്.)

ഒരു നാട്ടിലെ ജനങ്ങൾ 5 നേരവും ആ നാട്ടിലെ പള്ളിയിൽ സ്ഥിരമായി കൂടിയാൽ അവർക്കിടയിൽ വലിയ ബന്ധവും ഇണക്കവും ഉണ്ടാകുന്നത് സ്വാഭാവികം. ഇത് അല്ലഹു നൽകിയ വലിയ അനുഗ്രഹമാണ്.

...وَ أَلَّفَ بَيْنَ قُلُوبِهِمْ لَوْ أَنْفَقْتَ ما فِي الْأَرْضِ جَمِيعاً ما أَلَّفْتَ بَيْنَ قُلُوبِهِمْ وَ لكِنَّ اللَّهَ أَلَّفَ بَيْنَهُمْ إِنَّهُ عَزِيزٌ حَكِيمٌ ﴿أنفال : ٦٣﴾

➤ ഇണക്കമുള്ളവരായി ജീവിക്കേണ്ടത് വിശ്വാസിയുടെ അടിസ്ഥാന യോഗ്യതയായി ദീൻ പഠിപ്പിക്കുന്നു.

عَنْ جابِرٍ قَالَ رَسُولُ اللَّهِ (ص) الْمُؤْمِنُ يَأْلَفُ وَيُؤْلَفُ ، وَلا خَيْرَ فِيمَنْ لا يَأْلَفُ وَلا يُؤْلَفُ ، وَخَيْرُ النَّاسِ أَنْفَعُهُمْ لِلنَّاسِ(طبراني)

(= വിശ്വാസി: മറ്റുള്ളവരോട് ഇണങ്ങുന്നവനും മറ്റുള്ളവർക്ക് ഇണങ്ങാൻ കഴിയുന്നവനുമാകണം. നല്ല മനുഷ്യൻ മറ്റുള്ളവർക്ക് ഉപകാരമുള്ളവനാണ്.)

➤ ഇവിടെ 2 കാര്യങ്ങളാണ് പറയുന്നത്. 1.ഒരാൾ മറ്റുള്ളവരോട് ഇണങ്ങണം. അതിന്: (A) ആരോടും വെറുപ്പില്ലാത്ത തെളിഞ്ഞ ഹൃദയം ഉണ്ടാകണം.

وَعَنْ عَبْدِ اللَّهِ بْنِ عَمْرٍو قَالَ قِيلَ لِرَسُولِ اللَّهِ(ص) أَيُّ النَّاسِ أَفْضَلُ؟ قَالَ كُلُّ مَخْمُومِ الْقَلْبِ صَدُوقِ اللِّسَانِ.قَالُوا صَدُوقُ اللِّسَانِ نَعْرِفُهُ ، فَمَا مَخْمُومُ الْقَلْبِ؟ قَالَ هُوَ النَّقِيُّ ، التَّقِيُّ ، لَا إِثْمَ عَلَيْهِ ، وَلَا بَغْيَ ، وَلَا غِلَّ ، وَلَا حَسَدَ. (ابْنُ مَاجَهْ)

(=ആരാണ് ഉത്തമൻ? നബി(സ്വ) പറഞ്ഞു: സത്യം പറയുന്നവനും ഹൃദയ ശുദ്ധിയുള്ളവനും. അഥവാ തെളിഞ്ഞ, വൃത്തിയുള്ള, അക്രമവും പകയും അസൂയയും ഇല്ലാത്ത മനസ്സിന്റെ ഉടമകൾ)

(B) ഒപ്പം എല്ലാവരോടും സഹകരിക്കുന്ന മനസ്സു ാവുകയും വേണം. മഹല്ലിലെ പൊതുകാര്യങ്ങളിൽ നിന്ന് ഒറ്റപ്പെട്ട് മാറി നിൽക്കരുത്. അത് പിശാചിന്റെ കെണിയിൽ വീഴാൻ കാരണമാകും.

عَنْ مُعَاذِ بْنِ جَبَلٍ قَالَ رَسُولُ اللَّهِ (ص) إِنَّ الشَّيْطَانَ ذِئْبُ الْإِنْسَانِ كَذِئْبِ الْغَنَمِ ، يَأْخُذُ الشَّاذَّةَ وَالْقَاصِيَةَ وَالنَّاحِيَةَ وَإِيَّاكُمْ وَالشِّعَابَ ، وَعَلَيْكُمْ بِالْجَمَاعَةِ وَالْعَامَّةِ. (أَحْمَدُ)

(=പിശാച് മനുഷ്യന്റെ ചെന്നായ ആണ്. ആടിനെ ചെന്നായ പിടിക്കുന്നത് അത് ഒറ്റപ്പെട്ട്, ദൂരെ, മാറിനിൽക്കുമ്പോഴാണ്. നിങ്ങൾ ''അൽ ജമാഅ'' യെയും സമുദായ സംഘത്തെയും മുറുകെ പിടിക്കുക. മലഞ്ചെരുവിൽ ഒറ്റപ്പെടരുത്.)

ആദർശത്തിലും പൊതുവെ എല്ലാ കാര്യത്തിലും സമുദായത്തിന്റെ പൊതുനിലപാടിനൊപ്പം നിൽക്കണമെന്നും ഒറ്റയാനായി മാറി നിൽക്കരുതെന്നും ഈ ഹദീസ് പഠിപ്പിക്കുന്നു.

ചരിത്രം: ഒരിക്കൽ നബി (സ) പള്ളിയിൽ ഇരിക്കുമ്പോൾ 3 പേർ വന്നു. ഒരാൾ സദസ്സിൽ കയറാതെ പോയി. ര ാൾ കടന്നു വന്നു. അതിൽ ഒരാൾ മുമ്പോട്ട് കയറി ഇരുന്നു. ഒരാൾ പുറകിൽ ഇരുന്നു. സദസ്സ് കഴിഞ്ഞപ്പോൾ നബി (സ) പറഞ്ഞു:

قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ.... أَلَا أُخْبِرُكُمْ عَنْ النَّفَرِ الثَّلَاثَةِ أَمَّا أَحَدُهُمْ فَأَوَى إِلَى اللَّهِ فَآوَاهُ اللَّهُ وَأَمَّا الْآخَرُ فَاسْتَحْيَا فَاسْتَحْيَا اللَّهُ مِنْهُ وَأَمَّا الْآخَرُ فَأَعْرَضَ فَأَعْرَضَ اللَّهُ عَنْهُ (مسلم)

(= മൂന്ന് പേരെ കുറിച്ച് പറയട്ടെ? ഒരാൾ അല്ലാഹുവിലേക്ക് അഭയം പ്രാപിച്ചു. അല്ലാഹു അയാൾക്ക് റഹ്മത്ത് നൽകി ഏറ്റെടുത്തു. രണ്ടാമൻ നാണിച്ചു. അല്ലാഹു കൈയ്യൊഴിയാൻ നാണിച്ചു. (പ്രതിഫലം നൽകി) മൂന്നാമൻ പിന്തിരിഞ്ഞുപോയി. അല്ലാഹു അയാളെ അവഗണിച്ചു)

അൽപ്പം പോലും സമുദായ, മഹല്ല്, സദസ്സ്, സംഘം, എന്നിവയിൽ നിന്ന് ഒറ്റപ്പെട്ട് മാറി നിൽക്കരുതെന്ന് ഇത് പഠിപ്പിക്കുന്നു.

➢ 2. മുഅ്മിനീങ്ങളുടെ അടിസ്ഥാന ഗുണമായി രണ്ടാമത് പറഞ്ഞത് وَيُؤْلَفُ എന്നാണ്. മറ്റുള്ളവർക്ക് അവനോട് ഇണങ്ങാൻ കഴിയുന്ന വിധം അവന്റെ സ്വഭാവഗുണങ്ങൾ നന്നാകണം.

➢അതിന് ചില കാര്യങ്ങൾ നാം ശ്രദ്ധിക്കണം: ഒന്ന്: മറ്റുള്ളവരെ വെറുപ്പിക്കുന്ന സമീപനം അരുത്.

عن أبي الدرداء رضي الله عنه قال: كَمَا تَدِينُ تُدَانُ

➤ <u>ര ്:</u> മറ്റുള്ളവരുടെ സ്ഥാനം, പദവി, മാന്യത നാം വക വെച്ചു കൊടുക്കണം. ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കണം. അല്ലാത്ത പക്ഷം നമ്മോട് അവർ ഇണങ്ങില്ല. അകലും.

ജരീർബ്നു അബ്ദില്ല(റ)പറയുന്നു: ദീൻ സ്വീകരിക്കാനായി ഞാൻ നബി(സ്വ)യെ സമീപിച്ചു. എനിക്ക് ഇരിക്കാൻ സ്ഥലമുണ്ടായിരുന്നില്ല. വിരിച്ച് ഇരിക്കാൻ തങ്ങൾ തന്റെ ഷാൾ ഇട്ടു തന്നു. ശേഷം നബി(സ്വ) സ്വഹാബത്തിനോട് പറഞ്ഞു.

... إِذَا أَتَاكُمْ كَرِيمُ قَوْمٍ فَأَكْرِمُوهُ (مستدرك)

(=മാന്യന്മാർ വന്നാൽ അവരെ ആദരിക്കണം.)

➤ <u>മൂന്ന്:</u> മറ്റുള്ളവരിൽ നിന്ന് ഒന്നു നാം ആഗ്രഹിക്കരുത്. അങ്ങനെയായാൽ അവർ അകന്ന് പോകും.

عَنْ سَهْلٍ قَالَ: جَاءَ رَجُلٌ إِلَى النَّبِيِّ (ص) فَقَالَ : يَا رَسُولَ اللَّهِ دُلَّنِي عَلَى عَمَلٍ إِذَا عَمِلْتُهُ أَحَبَّنِي اللَّهُ ، وَأَحَبَّنِي النَّاسُ ، فَقَالَ : اِزْهَدْ فِي الدُّنْيَا يُحِبَّكَ اللَّهُ ، <u>وَازْهَدْ فِيمَا عِنْدَ النَّاسِ يُحِبَّكَ النَّاسُ</u> (ابْنُ مَاجَهْ)

ദുനിയാവ് രക്ഷപ്പെടാൻ ഇത് അനിവാര്യമാണെന്ന് സൈനുദ്ദീൻ മഖ്ദൂം (റ) പറയുന്നു.

لِسَلَامَةِ الدُّنْيَا خِصَالٌ أَرْبَعٌ : غَفْرٌ لِجَهْلِ الْقَوْمِ مَنْعُكَ تَجْهَلَا
وَتَكُونَ مِنْ سَيْبِ الْأُنَاسِي آيِسًا : وَلِسَيْبِ نَفْسِكَ لِلْأُنَاسِي بَاذِلَا

(=ദുൻയാവ്, രക്ഷപ്പെടാൻ 4 ഗുണങ്ങൾ വേണം. ജനങ്ങളുടെ വിവരദോഷം നീ മാപ്പാക്കുക. നീ വിവരദോഷം പ്രവർത്തിക്കാതിരിക്കുക. ആരുടെയും ഒന്നും നീ ആഗ്രഹിക്കരുത്. നിന്റെ കൈയ്യിൽ ഉള്ളത് നീ കൊടുക്കുന്നവനാവുക)

ഈ നല്ല ശീലങ്ങളിലൂടെ മറ്റുള്ളവർ നമ്മോട് അടുപ്പമുള്ളവരാകും. അങ്ങനെ സമൂഹത്തിൽ ഏവർക്കും പ്രിയപ്പെട്ടവനായി ജീവിക്കുക. അല്ലാഹുവിന്റെ അടുക്കൽ പ്രിയപ്പെട്ടവനാകും.

■